LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരസഭാ ഓഫീസിലെ അഴിമതി നീക്കുവാൻ നടപടി

99 [1038] ശ്രീ. സി. പി. മുഹമ്മദ് :
പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
,, കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ ആസ്ഥാന ഓഫീസിലും അതിന്റെ കീഴിലുള്ള മറ്റാഫീസുകളിലും നിലവിലുള്ള മേയർ എത്ര മിന്നൽ പരിശോധന നടത്തി :

(ബി) അതിന്റെ ഫലമായി എത്ര അഴിമതി കേസുകൾ കണ്ടെത്തി :

(സി) ആരുടെയെല്ലാം മേൽ ഇത് സംബന്ധിച്ച് കേസെടുത്തു ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ ആസ്ഥാന ഓഫീസുകളിലും മറ്റ് സോണൽ ഓഫീസുകളിലും മേയർ ഓരോ തവണ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) അഴിമതി കേസുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

(സി) ബാധകമല്ല.

കോവളത്തെ മാലിന്യ സംസ്ക്കരണം

100 [1039] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളത്തെ ഖരമാലിന്യ സംസ്ക്കരണത്തിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് സർക്കാർ എന്ത് തുക അനുവദിച്ചു :

(ബി) ഈ തുക എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു ; ഇതുവരെ എന്തു തുക വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) വിദേശികളുടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ കോവളത്തെ ഖരമാലിന്യ സംസ്ക്കരണ പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4,70,087 രൂപ

(ബി) കോവളത്ത് മാലിന്യം നീക്കം ചെയ്യാനാവശ്യമായ ഉപകരണങ്ങൾ വാങ്ങുവാനും, ക്ലീനിങ്ങിനു നിയോഗിച്ച തൊഴിലാളികളുടെ വേതനം നൽകുവാനുമാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

(സി) 24-8-2005-ലെ ജി.ഒ. (ആർ.റ്റി.) 6530/05/ജിഎഡി. പ്രകാരം കോവളം ടൂറിസം വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 86,63,000 രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.

വഴിവിളക്കുകൾ എന്നും കത്തിക്കുവാൻ നടപടി

101 [1040] ശ്രീ. കെ. മുഹമ്മദാലി :

.. ടി. യു. രാധാകൃഷ്ണൻ :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലേയും സമീപ ഗ്രാമ പഞ്ചായത്തുകളിലെയും വഴിവിളക്കുകളുടെ ഫ്യൂസായ ട്യൂബുകൾ മാറ്റി സ്ഥാപിക്കാത്തതെന്തുകൊണ്ടാണ് ;

(ബി) ഇതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഡി) വഴിവിളക്കുകൾ കത്തിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(ഇ) ഏത് മന്ത്രിസഭ നിലവിലിരിക്കുമ്പോഴാണ് ഈ വ്യവസ്ഥകൾ നിലവിൽ വന്നത് ;

(എഫ്) വഴിവിളക്കുകൾ കത്തിക്കാത്തതുമൂലം മോഷണം പെരുകുന്നതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെയും സമീപ ഗ്രാമ പഞ്ചായത്തുകളിലെയും എല്ലാ വഴിവിളക്കുകളും എന്നും കത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാ പ്രദേശത്തെ തെരുവുവിളക്കുകളുടെ ഫ്യൂസായ ട്യൂബുകൾ യഥാസമയം തന്നെ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്പെയർ പാർട്സുകൾ നഗരസഭാ സ്റ്റോറിൽ നിന്നും, ഇലക്ട്രിസിറ്റി ബോർഡിന്റെ ആവശ്യാനുസരണം, ബോർഡിന് നൽകിവരുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡാണ് അവ മാറ്റി സ്ഥാപിക്കേണ്ടത്. ഫ്യൂസായ ട്യൂബുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരത്തിന് സമീപമുള്ള ഗ്രാമ പഞ്ചായത്തുകളുടെ വഴിവിളക്കുകളുടെ ഫ്യൂസായ ട്യൂബുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ടി ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) തെരുവുവിളക്കുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങി നൽകുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അവ യഥാസമയം മാറ്റി സ്ഥാപിക്കേണ്ടത് ഇലക്ട്രിസിറ്റി ബോർഡുമാണ്. നഗരസഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കുമാണ് തെരുവുവിളക്കുകൾ കത്തിക്കുന്നതും പരിപാലിക്കുന്നതുമായ ചുമതലകൾ.

LIBRARY ARCHIVES Kerala Legislative Assembly